25025106

**QP CODE: 25025106**

Reg No : ....................

Name : ....................

## MA DEGREE ( CSS) EXAMINATION, MAY 2025

### Second Semester

M A MALAYALAM

### CORE - ML010204 - MALAYALA NOVEL

2019 ADMISSION ONWARDS

3724F326

Time: 3 Hours

Weightage: 30

**I. എട്ടു ചോദ്യത്തിന് ഓരോ പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.**

1. "നദീപ്രവാഹത്തിലെ വലിയൊരു പാറക്കെട്ടു പോലെ ഇന്ദുലേഖയിലെ പതിനെട്ടാം അധ്യായം നിൽക്കുന്നു " - പരിശോധിക്കുക
2. ധർമരാജയിലെ കഥാപശ്ചാത്തലം വിവരിക്കുക
3. " അധ:സ്ഥിത വർഗത്തിൻറെ ഉയിർത്തെഴുന്നേൽപാണ് തകഴിയുടെ കൃതികൾക്ക് വിഷയമാകുന്നത് " - പരിശോധിക്കുക
4. "ൻറുപ്പൂപ്പാക്കൊരാനേണ്ടാർന്നു"എന്ന നോവലിലെ കുടുംബപശ്ചാത്തലം വ്യക്തമാക്കുക
5. ഒറോത ചെമ്പേരിക്ക് പ്രിയപ്പെട്ടവളായത് എങ്ങനെ?
6. മനുഷ്യാധ്വാനത്തിൻറെ മഹത്വം " ഒറോത" വെളിപ്പെടുത്തുന്നതെങ്ങനെ?
7. ഖസാക്കിൻറെ ഇതിഹാസത്തിലെ മൃത്യുബോധം വിശകലനവിധേയമാക്കുക
8. പുതിയൊരു കൃതി രചിക്കുകയല്ല, മററുള്ളവരാൽ എഴുതപ്പെട്ട രണ്ടു കൃതികളെക്കുറിച്ച് ചർച്ച ചെയ്യുകയാണ് വ്യാസനും വിഘ്നേശ്വരനും എന്ന നോവൽ.പരിശോധിക്കുക
9. ദേശത്തിൽനിന്ന് പ്രദേശത്തേക്കുള്ള ഉത്തരാധുനികതയുടെ സഞ്ചാരം തച്ചനിക്കരഗ്രാമാവിഷ്കാരത്തിലൂടെ നോവലിസ്റ്റ് ആവിഷ്കരിക്കുന്നതെങ്ങനെ?
10. "കരിക്കോട്ടക്കരിയിൽ ആവിഷ്കരിക്കപ്പെടുന്ന കുടിയേറ്റചരിത്രത്തിൻറെ സ്വഭാവം വിശകലനം ചെയ്യുക

(8×1= 8 weightage)

**II. ആറു ചോദ്യത്തിന് രണ്ടു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.**

11. നോവൽസാഹിത്യരൂപം വിശദമാക്കുക

12. ബീരാൻറെ ഉമ്മയിൽ നിന്നും ഉമ്മാച്ചുവിലേക്കും തുടർന്ന് ചിന്നമ്മുവിലേക്കും മാറിവരുന്ന സ്ത്രീജീവിത പരിസരത്തെ വിശകലനം ചെയ്യുക

13. കാലത്തിലൂടെയുള്ള സേതുവിൻറെ സഞ്ചാരം എപ്രകാരമാണ്?

14. ആദിവാസി ജീവിതത്തിൻറെ ചൂഷിതാവസ്ഥ സമഗ്രമായി പ്രതിഫലിക്കുന്ന കൃതിയാണ് നെല്ല്..വിശകലനം ചെയ്യുക

15. മലയാള നോവൽസാഹിത്യത്തിൽ ഖസാക്കിൻറെ ഇതിഹാസത്തിനുള്ള സ്ഥാനം അടയാളപ്പെടുത്തുക

16. നഗരജീവിതത്തിലെ പൊയ്മുഖങ്ങളും രാഷ്ട്രീയ-അധികാര-മാധ്യമ-മേഖലകളിലെ കപടതകളെ വിമർശനവിധേയമാക്കുന്നതിൻറെ വി.കെ.എൻ ശൈലി വിശകലനം ചെയ്യുക

17. നാഗരികതയുടെ ഗതിവേഗത്തിൽ അമർന്നുപോയ ഒരു ജനതയുടെ സ്ഥലകാല വേരുകളും ഭാഷയും വീണ്ടെടുക്കാൻ ശ്രമിക്കുന്നു "ആലാഹയുടെ പെൺമക്കൾ". പരിശോധിക്കുക

18. മരണശിക്ഷയെ തോൽപിച്ച ഒരു കുറ്റവാളിയിൽനിന്ന് അയ്യാട്ടുമ്പിള്ളിയുടെ ചരിത്രം തുടങ്ങുന്ന നോവലിസ്റ്റ് ചരിത്രനിർമിതിയിൽ വരുത്തുന്ന വിപ്ളവകരമായ മാറ്റം എന്ത്?

(6×2= 12 weightage)

**III. രണ്ടു ചോദ്യത്തിന് അഞ്ചു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.**

19. കഥാപശ്ചാത്തലം എന്ന രീതിയിൽ സമൂഹത്തെ് അവതരിപ്പിക്കുന്നതിൽ ഉറൂബ് എത്രമാത്രം വിജയിച്ചിരിക്കന്നു

20. സ്വത്വബോധത്തിൻറെയും സ്വത്വനഷ്ടത്തിൻറെയും ഇടയിൽപ്പെട്ട് ആകുലരാകുന്ന ഒരു ജനവിഭാഗത്തിൻറെ കഥയാണ് കരിക്കോട്ടക്കരി. പരിശോധിക്കുക

21. "വ്യാസനും വിഘ്നേശ്വരനും എന്ന നോവലിൽ കൃതി,കാലം എന്നീ ഖണ്ഡങ്ങളിലൂടെ സമകാലിക ഇന്ത്യൻ ജീവിതത്തെയാണ് ആനന്ദ് മുന്നോട്ടു വയ്ക്കുന്നത്." സമർഥിക്കുക

22. ആലാഹയുടെ പെൺമക്കളിൽ കടന്നുവരുന്ന അമരപ്പന്തൽ പാരിസ്ഥിതിക ബിംബമായി നോവലിൽ പ്രവർത്തിക്കുന്നതെങ്ങനെ? വിശകലനം ചെയ്യുക

(2×5= 10 weightage)